നടപടികളും സ്വീകരിക്കുകയും ആയതിൽ പരേതന്റെ വിധവയ്ക്ക് അർഹമായ ഓഹരി പിൻവലിച്ചു നൽകുകയും, പ്രായപൂർത്തിയാകാത്ത അവകാശികൾക്ക് പ്രോവിഡന്റ് ഫണ്ട് തുകയുടെ ഓഹരി നൽകുന്നതിനും രക്ഷാകർതൃത്വം തെളിയിക്കുന്നതിനാവശ്യമായ രേഖകളും ഹാജരാക്കുന്നതിന് പരേതന്റെ വിധവയോടു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കുടുംബക്ഷേമ പദ്ധതി പ്രകാരം ടിയാന്റെ ആശ്രിതർക്കു (അവകാശികൾക്കു) ലഭിക്കുവാനുള്ള തുക, ടിയാൻ യഥാവിധി പ്രകാരമുള്ള നോമിനേഷൻ ഫയൽ ചെയ്തിട്ടില്ലാത്തതുകൊണ്ട് കൊടുക്കുവാൻ സാധിച്ചിട്ടില്ല. ഈ തുക അവകാശപ്പെട്ടവർക്കു ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി ലഭിക്കുന്ന സ്കീം അനുസരിച്ച് പരേതന്റെ വിധവയുടെ അപേക്ഷ പരിഗണിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ മുൻ ചോദ്യത്തിന്റെ ഉത്തരത്തിൽ കൊടുത്തിട്ടുണ്ട്.

തിരുവനന്തപുരം ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി

1282 [2307] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണു പണിയാരംഭിച്ചത്; എന്നേക്കു പൂർത്തിയാക്കാനാണു ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി ഇപ്പോൾ സ്തംഭിച്ചിരിക്കുകയാണോ;

(ഡി) എങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നാം ഘട്ടം പണി 1971–72–ൽ ആരംഭിച്ചു. കഴിവതും വേഗം സ്റ്റേഡിയം പണി പൂർത്തിയാക്കാനാണു ഉദ്ദേശിച്ചിട്ടുള്ളത്.

(സി, ഡി) സ്റ്റേഡിയത്തിന്റെ പണി ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശ്രദ്ധ ക്ഷണിക്കൽ

(1) ടാക്സി ഡ്രൈവർമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, കേരളത്തിലെ ഉദ്ദേശം 5 ലക്ഷത്തോളംവരുന്ന ടാക്സി ഡ്രൈവർമാരുടെ ഇപ്പോഴത്തെ
9.30 a. m. ദയനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടാക്സികാർ(ട്യൂറിസ്റ്റ് ടാക്സിയായാലും സാധാരണ ടാക്സി ആയാലും) ഓടിച്ച് അഞ്ചുലക്ഷത്തോളം വരുന്ന ടാക്സി ഡ്രൈവർമാർ ഉപജീവനം നടത്തിവരികയാണ്. ഈയിടെ അവരെ ജോലി ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly